പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2726

14/12/2015-ലെ മറുപടിയ്ക്ക്

## എല്ലാ ജില്ലകളെയും നോക്കുകൂലി വിമുക്തമാക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡോമിനിക് പ്രസന്റേഷൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.എ. വാഹിദ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) |
| (എ) എല്ലാ ജില്ലകളെയും നോക്കുകൂലി വിമുക്തമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം; | (എ) ഉണ്ട്. നോക്കുകൂലി വിമുക്തമാക്കുന്നതിന് ജില്ലകളിൽ ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. മലപ്പുറം, പാലക്കാട് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരുന്നു. ലേബർ കമ്മീഷണറുടെ 20/10/12 ലെ 25/2012 നമ്പർ സർക്കുലർ പ്രകാരം അമിതകൂലി, നോക്കുകൂലി ഇവ സംബന്ധിച്ച പരാതികൾ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ ശ്രദ്ധയിൽപ്പെട്ടാൽ ആയതിന് അടിയന്തിരമായി പരിഹാരം കാണണമെന്നും, കാലകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന കൂലി മാത്രമേ തൊഴിലാളിക്ക് ആവശ്യപ്പെടാൻ കഴിയുകയുള്ളുവെന്നും, കൂടുതൽ കൂലി വാങ്ങിയതായി പരാതി ലഭിക്കുകയോ, രസീത് നൽകാൻ വിസമ്മതിക്കുകയോ അമിതകൂലി നൽകാത്തതിനാൽ ഭീഷണിപ്പെടുത്തുകയോ, വാഹനം തടയുകയോ ചെയ്താൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | ബി) ജില്ലകളിലെ പ്രധാന കവലകളിൽ റസിഡൻസ് അസോസിയേഷനുകളുമായി ചേർന്ന് കയറ്റിറക്ക് കൂലി പ്രസിദ്ധപ്പെടുത്തിയ ബോർഡുകൾ |

സ്ഥാപിക്കുകയും. ഏകീകൃത കയറ്റിറക്ക് കൂലി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കൂലി, നോക്കി മനസ്സിലാക്കി തൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് എസ്.ബി.റ്റി.യുടെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടുന്നുള്ള രസീത് ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾസെന്റർ ആരംഭിച്ചിട്ടുണ്ട്. 1800-42-555-214/155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കിയ തുക തിരികെ വാങ്ങി നൽകുകയും തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ